എനിക്ക് പറയാനുള്ളത്: ചിത്രലേഖ

എരമംഗലത്ത് ചിത്രലേഖ

മെയ്18 നു ഞാൻ എന്റെ മകൾ മേഘയെ, തിരുവനതപുരത്തുള്ള അവളുടെ ഹോസ്റ്റലിൽ കൊണ്ട് വിടാൻ, എന്റെഅനിയനെയും കൂട്ടി ഇറങ്ങിയതാണ്.രാത്രിയിലെ മലബാർഎക്സ്പ്രസ്സ്‌ പിടിക്കാൻ. നാട്ടിൽ നിർത്തി പഠിപ്പിക്കാൻ പേടിയായിട്ടാണ് ഇത്ര ദൂരെ കൊണ്ട് പോയി അവളെ പഠിപ്പിക്കുന്നത്. സമയം ഒരു എട്ടു എട്ടേകാൽ ആയിക്കാണും. വീട്ടിൽ തേപ്പിന്റെ പണി നടക്കുന്നത് കൊണ്ട് അപ്പോൾ എന്റെ വീട്ടിൽ ബംഗാളി തൊഴിലാളികൾ പണി എടുക്കുന്നുണ്ടായിരുന്നു.

ഞങ്ങൾ ഓട്ടോ എടുത്തു വീടിന്റെ തൊട്ടു മുന്നിൽ ഉള്ള വഴിയിലേക്ക് ഇറങ്ങിയതെ ഉള്ളു. പെട്ടെന്ന് രവി, പ്രദീപൻ, മനോജ് എന്നിവർ ഞങ്ങളെ തടയാൻ വന്നു. എതിർത്ത എന്റെ അനിയനെ അവർ അടിക്കാൻ തുടങ്ങി. അതിൽ ചിലർ എന്നെയും അടിക്കാൻ തിരിഞ്ഞു. ഞാൻ ഓട്ടോ എടുത്തു മോളെയുംകൂട്ടി അകത്തേക്ക് ഓടി. എന്റെ ഭർത്താവ് ശ്രീഷ്കാന്ത് അപ്പോൾ ഷുഗർ കൂടി സുഖമില്ലാതെ അകത്തുണ്ട്. അനിയനും ഓടി അകത്തുവന്നു. അപ്പോഴേക്കും അവർ mobile' ൽവിളിച്ചു ആളെ കൂട്ടി. മുറ്റം നിറയെ ആളായി. ഒരു മുപതു ആളുകൾ ഉണ്ടായിരുന്നിരിക്കണം. അവർ പുറത്തു നിന്ന് ഞങ്ങളെ ചീത്ത വിളിക്കാൻ തുടങ്ങി."പുറത്തേക്കു വാ നിന്നെ ഞങ്ങൾ കൊത്തി വാരും" എന്ന് പറഞ്ഞു.തായത്ത് വയലിലെ സിപിഎം"ക്കാരോട് കളിച്ചാൽ കാല് കൊത്തും" എന്ന് പറഞ്ഞു. ഞങ്ങൾ പോലീസിനെവിളിച്ചു. ഇതിനെല്ലാം സാക്ഷി ആയി അപ്പോൾ എന്റെ വീട്ടിൽ പണി എടുത്തു കൊണ്ടിരുന്ന ബംഗാളി തൊഴിലാളികൾ ഉണ്ട്. ആൾകൂട്ടത്തെ കണ്ടു പേടിച്ചു അവർ ഓടി കളഞ്ഞെങ്കിലും, ആര് ചോദിച്ചാലും ഇതൊക്കെ പറയാമെന്നും, പോലീസിനോടു പോലും ഇതൊക്കെ പറയാൻ തയ്യാറാണെന്നും അവർ എന്നോടു പറഞ്ഞിട്ടുണ്ട്.

ഞങ്ങൾ ഫോണ് വിളിച്ചപ്പോൾ ഫോണ് എടുത്ത

പോലീസുകാർ കാര്യം ചോദിക്കുന്നതിനു പകരം "നിന്റെ വീട് എവിടെയാ." "വഴി അറിയില്ലല്ലോ," എന്നൊക്കെ പറഞ്ഞു പരിഹസിക്കുന്നത് പോലെ സംസാരിച്ചു കൊണ്ടിരുന്നു. അവര്ക്കൊക്കെ എന്നെയും എന്റെ വീടും ഒക്കെ നന്നായി അറിയാം. എന്നിട്ടാണ് ഇങ്ങനെ പറഞ്ഞു ചിരിച്ചു കൊണ്ടിരുന്നത്. പുറത്തു നിന്ന് ആക്രോശിച്ചു കൊണ്ടിരുന്ന ആൾക്കൂട്ടം വീടിന്റെ

ഗ്ലാസ് പൊട്ടിക്കാൻ  തുടങ്ങി. എന്റെ ഓട്ടോ അവർ തള്ളി തകർത്തു. അതിന്റെ ഹൂഡ്
കീറി.അവർ പുറത്തു നിന്ന് ഉറക്കെ ഭീഷണികൾ  മുഴക്കി. എത്രയോ പ്രാവശ്യം ഞങ്ങൾ മാറി
മാറി പോലീസിനെ വിളിച്ചു. ആളുകൾ ഉറക്കെ ബഹളം ഉണ്ടാക്കുന്നത് ഫോണിൽ കൂടെ കേട്ടിട്ടും അവർ അനങ്ങിയില്ല.അവർ ഞങ്ങളെ കൊല്ലും എന്ന് തന്നെ അപ്പോൾ

ഞങ്ങൾക്ക് തോന്നി.  അപ്പോൾ ഞങ്ങൾ വേറെ പലരെയും വിളിച്ചു. SAVARI എന്ന സ്ത്രീ സംഘടന  പയ്യന്നൂർ  പോലീസിന്റെ ഫോണ് നമ്പരിൽ ഉടൻ വിളിക്കുക എന്നും പറഞ്ഞു  facebook' ൽ  ഈ കാര്യം  എഴുതി.

ഇത് കണ്ടു പലരും പോലീസിനെ വിളിച്ചു.
ഓരോ ആളോടും ഓരോ പോലെയാണ് പോലീസ് സംസാരിച്ചത്. ചിലരോട് പറഞ്ഞു ഇങ്ങനെ ഒരു ആളെ അറിയില്ല എന്ന്.

ചിലരോട് പറഞ്ഞു പോലീസ് അവിടെ പോയി എന്ന്. വേറെ

ചിലരോട്

വഴി അറിയില്ല എന്നും അഡ്രസ് പറഞ്ഞു തരാനും പറഞ്ഞു ! ഇതെല്ലാം നുണയായിരുന്നു, കാരണം പല പ്രാവശ്യം ഞാൻ പയ്യന്നൂർ പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കാൻ പോയിട്ടുണ്ട്. അവിടെയുള്ള പോലീസുകാർക്ക് എന്നെ നന്നായി അറിയാം. ഏതായാലും പല ഭാഗത്ത് നിന്നും
ഫോണ് നിരന്തരം കിട്ടിയിട്ടായിരിക്കണം പോലീസ് ഉടനെ വീടിലേക്ക് വന്നു. അപ്പോഴേക്കും അവർ വരാൻ പോകുന്നു എന്ന്
അറിഞ്ഞത് പോലെ ആൾക്കൂട്ടം അവിടെ നിന്ന് പോയി.

പോലീസെത്തിയതും ചോദിച്ചത് നിങ്ങൾ ആരെയാ വിളിച്ചത് എന്നാണു. പക്ഷെ ഞങ്ങളെ ഉപദ്രവിക്കാൻ വന്ന ആളുകൾ ഒക്കെ അപ്പോഴേക്കും പോയിരുന്നു. അത് കൊണ്ട് ആൾക്കൂട്ടത്തിന്റെ ഏറ്റവും മുന്നിൽ നിന്ന ഞങ്ങൾക്ക് തിരിച്ചു അറിയാൻ കഴിയുന്ന
4 പേരുടെ പേര് മാത്രമേ ഞങ്ങൾക്ക് പറയാൻകഴിഞ്ഞുള്ളൂ പക്ഷ തായത്ത് വയലിലെ സിപിഎം''കാരോട് കളിക്കണ്ട എന്ന് പറഞ്ഞതും, മുപ്പതോളം
പേർ ആക്രമിച്ചതും ഒക്കെ ഞങ്ങൾ പോലീസിനോട്

പറഞ്ഞിരുന്നു.  വീട് ആക്രമിക്കുനത് ജാമ്യം ഇല്ലാത്ത കേസ് ആണ് എന്ന് അവിടെ വന്ന പോലീസുകാരിൽ ഒരാൾ തന്നെ പറയുന്നുണ്ടായിരുന്നു,

എന്നിട്ടും പോലീസ് ആകെ പിടിച്ചത് ഒരേ ഒരാളെ ആണ്. രവി എന്ന ആളെ . അയാൾ citu യിൽ സജീവ പ്രവർത്തകനാണ്   ഒരുപാട് പേർ ഫോണ് ചെയ്തത് കൊണ്ടാണ് പോലീസ് രവിയെ പിടിച്ചത്. ഒരു മണിക്കൂർ കൊണ്ട് രവിയെ വിടുകയും ചെയ്തു.  എന്നെ ആക്രമിച്ചത് ഒരു ആൾക്കൂട്ടമാണ്.  തങ്ങൾ  സിപിഎം'കാരാണ് എന്ന് അവർ തന്നെ പറയുന്നുണ്ടായിരുന്നു. ഇത് ഞങ്ങൾ പോലീസിനോട് പറഞ്ഞിട്ടുമുണ്ട്. എന്നാൽ സ്വയം സിപിഎം'കാരായ പോലീസ് എന്തിനാണ് യഥാർഥ കുറ്റവാളികളെ പിടിക്കുന്നത്?!

ഇപ്പൊ പോലീസ് ഉണ്ടാക്കുന്ന കഥ ഞങ്ങളെ ആക്രമിച്ചവർ ഞങ്ങളുടെ ബന്ധുക്കൾ തന്നെയാണ് എന്നും, ഇത് ഒരു സിപിഎം  ആക്രമണമൊന്നുമല്ല, വെറും ഒരു വഴി തർക്കമാണ് എന്നുമാണ്. രവിയുടെ വീട്ടിൽ ഒരു ചടങ്ങ് നടക്കുമ്പോൾ എന്റെ ഓട്ടോ വഴിയിൽ ഇട്ടു ഞാൻ വഴി  തടഞ്ഞത് കൊണ്ടാണ് എന്റെ തന്നെ ബന്ധുവായ രവിയും കൂട്ടരും  എന്നെ തല്ലാൻ വന്നതെന്ന് പോലീസിപ്പോൾ  പറയുന്നു.

എന്റെ എല്ലാ  പ്രശ്നങ്ങളും ആദ്യം മുതൽ അവസാനം വരെ അറിയുന്ന പയ്യന്നൂർ കാരനായ വേണുഗോപാൽ തന്നെ ഇത്  ഫേസ് ബുക്കിൽ പറഞ്ഞു പരത്തുമ്പോൾ പോലീസ് കഥയ്ക്ക് കൂടുതൽ ശക്തി നേടുന്നു. ആരെ പേടിച്ചിട്ടാണ് വേണുഗോപാൽ ഈ പോലീസ് കഥ പരത്തുന്നത് എന്നു  അറിയില്ല.

ഏതായാലും എനിക്ക് പറയാനുള്ളതും എല്ലാവരും കേൾക്കണം, അത് കൊണ്ടാണ് ഞാൻ ഇത് എഴുതുന്നത്.

ഇത് ഒരു വഴി തര്ക്കമാനെന്നും എന്റെ കുടുംബക്കാർ തന്നെയാണ് എന്നെ ഉപദ്ര വിച്ചതെന്നും അതുകൊണ്ട് ഇത് citu/cpm ആയി ബന്ധപെട്ട  ഒരു വിഷയമല്ല എന്നും , വെറും ഒരു സ്വകാര്യ പ്രശ്നം ആണെന്നുമാണ് പോലീസ് ഇപ്പോൾ പ്രചരിപ്പിക്കുന്ന ത് .  citu/cpm കാർ എന്നെ ആക്രമിക്കുന്നതിന് എതിരെ നടന്ന നിരവധി ജന സമരങ്ങ ളിൽ എന്റെ കൂടെ നിന്ന സാമൂഹിക പ്രവർത്തകർ  തന്നെ പോലീസ് കഥകൾ യാതൊരു വിമർശനവും ഇല്ലാതെ ഫേസ് ബുക്കിൽ പ്രച്ചരിപിക്കുന്നു എന്നത് വളരെ സങ്കടകരമാണ്.  ഈ പോലീസ് കഥ വെറും നുണയാണ് എന്നാണു എനിക്ക് പറയാനുള്ളത്.

എന്റെ വീടിന്റെ മുന്നില് ഉള്ള ചെറിയ പാതയെ കുറിച്ച് യാതൊരു തര്ക്കവും രവിയും ആയി എനിക്ക് ഇല്ല. കാരണം ആ പാത ഉപയോഗിച്ചില്ലെങ്കിൽ വീട്ടിൽ കയറാൻ വഴി ഇല്ലാതെ ആവുന്നത് എനിക്ക് മാത്രമാണ്. എന്റെ വീട് ഞാൻ താമസിക്കുന്ന ആ സ്ഥലത്തെ ഏറ്റവും അവസാനത്തെ വീടാണ്. ഈ വീട്ടിലേക്കുള്ള പാത ആണ് ഇത്. രവിക്ക് വീട്ടിൽ കയറാൻ വേറെ വഴി ഉണ്ട്. ഈ പാത ഉപയോഗിച്ചാൽ രവിക്ക് തന്റെ വീട്ടിലേക്കുള്ള വഴി തെറ്റുകയാണ് ചെയ്യുക . എന്റെ തൊട്ടു മുന്നിലത്തെ വീടുകാർക്ക് ഈ വഴിയും വീട്ടിൽ കയറാം. അവരുമായി ഞാൻ നല്ല അടുപ്പത്തിലാണ്. അവരുമായി എനിക്ക് വഴിയെ ചൊല്ലി യാതൊരു തർക്കവും നിലവിലില്ല. അത് ആ വീട്ടുകാർ എവിടെ വേണമെങ്കിലും
വന്നു പറയാൻ തയ്യാറാണ് എന്ന് ഇന്ന് കൂടി എന്നോട് പറഞ്ഞതാണ്.

ഇല്ലാത്ത ഈ വഴി തർക്കത്തിന്റെ പേരിൽ രവിയെ മുൻനിർത്തി
എന്നെ ഉപദ്രവിക്കുക എന്നത് citu/cpm ന്റെ സ്ഥിരം രീതിയാണ്. 2012 ഡിസംബറിലും രവിയെ മുന്നിൽ നിർത്തി സിപിഎം'കാർ എന്നെ ആക്രമിച്ചിരുന്നു. അതിനു എതിരെ ഞാൻ കേസ്കൊടുക്കുകയും
ചെയ്തിട്ടുണ്ട്. രവി സിപിഎം'ൽ ഒരു സജീവ പ്രവർത്തകനാണ്. എന്നെ പോലെ അയാളും പുലയ സമുദായത്തിൽ പെടുന്ന ആളാണ്
. അത് കൊണ്ടാണ് സിപിഎം അയാളെ ഉപയോഗിച്ചു കളിക്കുന്നത്.

വളരെ താഴ്ന്ന നിലയിലുള്ള obc'കളെയും ദലിതരെയും ഉപയോഗിച്ച് തങ്ങളുടെ കാര്യം നേടുക എന്നത് സിപിഎം സ്ഥിരം ചെയുന്ന കാര്യമാണ്. ഓട്ടോ കത്തിച്ചത് മുതൽ ഞാൻ സിപിഎം അഴിച്ചു വിട്ട ആക്രമണത്തിനു എതിരെ 7 കേസുകൾ കൊടുത്തിട്ടുണ്ട്.. ഇതിൽ പോലീസ് അറസ്റ്റ് ചെയ്തിട്ടുള്ളത് തിയ്യ സമുദായത്തിലെ രമേശനെയും, ഇപ്പോൾ രവി എന്ന പുലയ സമുദായക്കാരനെയുമാണ്. ഇതിനെല്ലാം നേത്രത്വം വഹിച്ച അജിത്തിനെ പോലുള്ളവർ sc/st atrocity prevention act പ്രകാരം അറസ്റ്റ് warrant ഉണ്ടായിട്ടും ഇപ്പോൾ സുഖമായി ജീവിക്കുന്നു.

അത്
പോലെ രവി എന്റെ കുടുംബക്കാരൻ ആണ് എന്ന് പറഞ്ഞു പരത്തുന്നതും പച്ച കള്ളമാണ്. സംബന്ധത്തിലൂടെ പോലും രവിയോ അയാളുടെ ഭാര്യയോ എന്റെ കുടുംബമല്ല. ഇങ്ങനെ പറഞ്ഞിട്ടാണ് പോലിസ് പല കേസുകളും ഇല്ലാതെ ആക്കിയത്
. 2012 ഡിസംബറിൽ എന്നെ അടിച്ച കേസിലും രവി എന്റെ
കുടുംബക്കാരനാണ് എന്ന നിലപാടാണ് പോലീസെടുത്തത്. അത് പോലെ അന്ന് രവിയുടെ കൂടെ അടിക്കാൻ ഉണ്ടായിരുന്ന പലരും ദളിതർ
ആയിരുന്നില്ല എന്നാൽ പോലീസ് രവിയുടെ പേര് കാണിച്ചിട്ട്
അവരെയൊക്കെ ദളിതരായി ചിത്രീകരിച്ചു കൊണ്ട് മുകളിലേക്ക് എഴുതി.
ഇങ്ങനെ ഉള്ള കള്ള കഥകൾ കാരണമാണ് എനിക്ക് നീതി ലഭിക്കാതെ പോകുന്നത്.

ഇതിൽ പോലീസ്, ബുദ്ധി ജീവികൾ, നാട്ടുകാർ  എല്ലാവരും സിപിഎം'ന്റെ കൂടെ നില്ക്കുന്നു. അങ്ങനെ നിൽക്കാത്തവരെ സിപിഎം ഉപദ്രവിക്കും എന്ന് എല്ലാവർക്കും അറിയാം. പലരും പേടിച്ചിട്ടാണ് എന്റെ കൂടെ നില്ക്കാത്തത്.  പുറത്തു നിന്ന് എനിക്ക് സഹായം തേടേണ്ടി വരുന്നതും ഇത് കൊണ്ടാണ്.  അവർ  എന്റെ അനിയനെ കൂടെ  അവരുടെ കൂടെ നിർത്തിയിരുന്നു . വളരെ കഷ്ടപ്പെട്ടാണ് അവൻ  അവരുടെ പിടിയിൽ നിന്ന് വിട്ടത്. അത് കൊണ്ട് തന്നെ ഇപ്പോൾ എപ്പഴും അവനും എന്നെ പോലെ അടി കിട്ടുന്നു.  ഈ പ്രാവശ്യവും ഏറ്റവും പരിക്ക് പറ്റിയത് അവനാണ്.

എന്നെ ആക്രമിച്ചിട്ടു എന്നെ തന്നെ പ്രതിയാക്കുന്ന രീതിയിൽ ഉള്ള കഥകൾ മെനയുക എന്നതും citu /cpm'ന്റെ സ്ഥിരം രീതിയാണ്. ആദ്യമായി 2005'ൽ  ഞാൻ ഓട്ടോ സ്റ്റാൻഡിൽ വെച്ച് citu 'കാര് എന്നോട് കാണിക്കുന്ന ജാതീയമായ പെരുമാറ്റം തുറന്നു കാണിച്ചപ്പോൾ അന്ന് അവർ നാട് മുഴുവൻ ഞാൻ ഒരു ദുർനടപ്പുകാരിയാണെന്നും, വേശ്യയാണെന്നും പറഞ്ഞു  പോസ്റ്റർ ഒട്ടിച്ചു. അങ്ങനെ ജാതീയമായ അവരുടെ ആക്രമണത്തെ അവർക്ക് മൂടി വെയ്ക്കാൻ കഴിഞ്ഞു . ദൂരെ ദൂരെ ഉള്ള ഓട്ടോ സ്റ്റാൻഡിൽ വരെ ഞാൻ ഒരു ചീത്ത സ്ത്രീയാണ് എന്ന വാർത്തയാണ് പരന്നത്. അങ്ങനെ citu/cpm 'ന് അവരുടെ ഭാഗത്താണ് ശരി എന്ന് വരുത്തി തീർൻ കഴിഞ്ഞു. എനിക്ക് ആരോടും മിണ്ടാൻ പറ്റാത്ത പോലെയായി. പല  പത്രക്കാരും ചാനലുകളും ഇപ്പോഴും എന്നെ കുറിച്ച് ഇത് തന്നെയാണ് വിചാരിക്കുന്നത്. എന്ത് വലിയ ആക്രമണം നടന്നാലും, എത്ര പേർ കൂടി പൊതു സ്ഥലത്തിട്ട് തല്ലിയാലും കുറ്റം എന്റെ മാത്രമാണ് .

January 20, 2010'ൽ citu'കാർ  എന്നെ പൊതു നിരത്തിലിട്ട് തല്ലി. അവർ വിളിച്ചിട്ട് വന്ന പോലീസും എന്നെ തല്ലി. ഓട്ടോ നിർത്തിയിട്ടു ഞങ്ങൾ മരുന്ന് വാങ്ങാൻ പോയപ്പോഴാണ് ഈ സംഭവം ഉണ്ടായത്. അന്നവർ പറഞ്ഞത് ഞാൻ കള്ളു കുടിച്ചു അഴിഞ്ഞാടുക ആയിരുന്നു എന്നും, എന്റെ ഭർത്താവും കള്ളു കുടിച്ചിട്ടുണ്ടായിരുന്നു എന്നുമാണ് . പയ്യന്നൂരിലാകെ ഈ കഥ തന്നെയാണ് പറയുന്നത്.  പുറത്തു നിന്ന്, നിരവധി പ്രമുഘർ ഉൾപ്പെടുന്ന ഒരു fact finding ടീം ആണ് ഞാൻ കള്ളു കുടിച്ചിട്ടില്ല എന്നും, എന്നെ തടഞ്ഞു നിർത്തി ആക്രമിക്കുകയായിരുന്നു എന്ന സത്യാവസ്ഥ പുറത്തു കൊണ്ട് വന്നത്

ചുരുക്കി പറഞ്ഞാൽ വഴിയെ ചൊല്ലിയുള്ള വഴക്ക് എന്നിപ്പോൾ പോലീസും ചില activist'കളും പറയുന്നത് വലിയ ഒരു നുണയാണ്.
30'പേർ ചേർന്ന ഒരു സംഘം എന്നെ ആക്രമിക്കുകയാണ് ചെയ്തത്. ഞങ്ങൾ തായത്തെ വയലിലെ cpm' കാർ ആണെന്ന് അവർ തന്നെ വിളിച്ചു കൂവുന്നുണ്ടായിരുന്നു. ഒന്നര മണിക്കൂറോളം ഞങ്ങൾ കരഞ്ഞു പറഞ്ഞിട്ടും പോലീസ് ഇവിടേയ്ക്ക് വന്നി

ല്ല. ഞങ്ങൾ പലരെയും വിളിക്കുകയും facebook
'ൽ  വരുകയും ചെയ്തപ്പോഴാണ് പോലീസ് എത്തിയത്. എന്നിട്ട് ഇപ്പോൾ എല്ലാവരും ചേർന്നു പറയുന്നു ഇത് വെറും ഒരു വഴി തർക്കം ആണെന്ന്. ഇങ്ങനെ പറയുന്ന പോലീസും, സാമൂഹിക പ്രവർത്തകരും മറച്ചു വെയ്ക്കുന്നത് citu
/cpm  എന്റെ മേലെ വർഷങ്ങളായി അഴിച്ചു വിടുന്ന ജാതീയമായ ആക്രമണത്തെയാണ്.

ഇങ്ങനെ ഉള്ള ആക്രമണത്തിലൂടെയും ഭീഷണിയിലൂടെയും ആണ്  citu/cpm കണ്ണൂർ അടക്കി വാഴുന്നത് . എന്നെ മാത്രമല്ല നിരവധി ഓട്ടോ ഓടിക്കുന്ന സ്ത്രീകളെ ഇവിടുത്തെ union' കാർ  ആക്രമിച്ചിട്ടുണ്ട്. കൊറേ കൊല്ലം മുമ്പ് വേറെ ഒരു ദളിത സ്ത്രീയുടെ ഓട്ടോ ഇവർ കത്തിച്ചിട്ടു
പോലുമുണ്ട്.  ഓട്ടോ ഓടിക്കുന്ന സ്ത്രീകളെ മാത്രമല്ല citu/cpm ആക്രമിക്കുന്നത് എന്ന് എല്ലാവർക്കും അറിയാം. ഇതിൽ കല്ലേൻ പൊക്കുടൻ  എന്ന മഹാ വ്യക്തിയുടെ കാര്യം തന്നെ എടുക്കുക. ജീവിതം മുഴുവൻ cpm കാരെ ധീരമായി എതിർത്താണ് പോക്കുഡേട്ടൻ  കഴിഞ്ഞിട്ടുള്ളത്. പലപ്പോഴും ദളിതരെ തന്നെയാണ് cpm പോക്കുഡേട്ടനു എതിരെയും ഉപയോഗിച്ചിട്ടുള്ളത്.

എനിക്ക് എതിരെ നടക്കുന്ന ആക്രമണങ്ങൾ ഇല്ലാതാവാത്തത് എന്റെ കുറ്റമല്ല. ഇത് നിർത്താൻ ഞാൻ അല്ല സിപിഎം തന്നെയാണ് മാറേണ്ടത്. പോലീസും ബുദ്ധിജീവികളും പ്രത്യക്ഷമായും, ഉള്ളിൽ കൂടെയും   സിപിഎം'ന്റെ
ജാതീയമായ ആക്രമണ രാഷ്ട്രീയത്തിന് നേരെ കണ്ണടക്കുന്നത് നിർത്തണം. ഇങ്ങനെ ഒരു രാഷ്ട്രീയത്തിൽ പെട്ട് പോകുന്ന , അതിന്റെ ഇരകളാകുന്ന  ദളിതരെയും ഓ  ബി സി യുവാക്കളെയും ഉടനെ രക്ഷിക്കണം.

എന്ത് തന്നെ വന്നാലും ജീവിക്കാനും, മക്കളെ പഠിപ്പിക്കാനും ഒക്കെ വളരെ ബുദ്ധിമുട്ടുന്ന  ഒരു ദളിത സ്ത്രീയെ ഇങ്ങനെ വേട്ടയാടുന്നത് തെറ്റാണ് എന്ന് എല്ലാവരും തിരിച്ചറിയണം. എന്ത് തന്നെ വന്നാലും രാത്രി ഒഴിഞ്ഞ ഒരു സ്ഥലത്ത് സാമൂഹികമായ ബ്രഷ്ടനുഭാവിക്കുന്നവരെ പോലെ കഴിയുന്ന എന്റെ കുടുംബത്തെ 30 പേർ

ആക്രമിച്ചതാണ് തെറ്റ്. അത് എന്റെ തെറ്റാക്കി ഇങ്ങനെ പറയുന്നത്, നടന്ന കുറ്റകൃത്യം മറച്ചു വെയ്ക്കാൻ മാത്രമാണ്. എനിക്ക് നീതി ലഭിക്കണം എന്നത് എന്റെ ഏറ്റവും വലിയ ആവശ്യമാണ്.

ഞാൻ കൊടുത്ത കേസുകളിൽ കുറ്റം ചെയ്തവർ ശിക്ഷിക്കപെടണം. പാർട്ടിയുടെ കൂടെ നില്ക്കാതെ പോലീസ്
എന്റെ കൂടെ നില്ക്കണം . പൊതു സമൂഹവും എന്റെ പ്രശ്നങ്ങൾ മനസിലാക്കി,

കണ്ണൂരിലെ സിപിഎം'ന്റെ ജാതീയമായ ആക്രമണ രാഷ്ട്രീയത്തിന് എതിരെയുള്ള എന്റെ പോരാട്ടത്തിൽ എന്റെ കൂടെ നില്ക്കണം

ഇതാണ് എനിക്ക് പറയാനുള്ളത്